# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5163 27.06.2019 - ൽ മറുപടിക്ക്

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണമംഗലം പി.എച്ച്.സി. യുടെ കീഴിലുള്ള ചെങ്ങാനി ആരോഗ്യ ഉപകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ ജനങ്ങൾക്ക് ഈ ആരോഗ്യ ഉപകേന്ദ്രം പ്രയോജനപ്പെടുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേന്ദ്രത്തിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ എഫ്.ഡബ്ള്യ .എ 1/37021/14, എഫ്.ഡബ്ള്യ .എ 1/3084/14, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ സി 1/26090/13 എന്നീ ഫയലുകളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ; | (എ) | കണ്ണമംഗലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ചെങ്ങാനി ആരോഗ്യ ഉപ കേന്ദ്രത്തിൽ നിലവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തിക ഇല്ല. പ്രസ്തുത ഉപകേന്ദ്രം കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് ചില അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ടെങ്കിലും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ സേവനം ലഭ്യമാകാത്തതിനാൽ ഈ സെന്റർ ഉപയോഗശൂന്യമായ രീതിയിലാണ് നിലനിൽക്കുന്നത്. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശിത ഫയലുകൾക്ക പകരം എഫ് ഡബ്ള്യ എ 1-96568/17/ആവഡ എന്ന ഫയലിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കണ്ണമംഗലം പി.എച്ച്.സി. യുടെ കീഴിൽ ഇപ്പോൾ എത്ര ആരോഗ്യ ഉപകേന്ദ്രങ്ങൾ ഉണ്ട്; ഇവ ജനസംഖ്യാനുപാതികമായാണോ അനുവദിച്ചിട്ടുള്ളത്; വിശദീകരിക്കുമോ? | (ബി) | കണ്ണമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ അഞ്ച് സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ചെങ്ങാനി ഉപകേന്ദ്രം നിലവിൽ പ്രവർത്തനരഹിതമാണ്. ഇവ ജനസംഖ്യാ ആനുപാതികമായിട്ടല്ല അനുവദിച്ചിട്ടുള്ളത്. കണ്ണമംഗലം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 50450 ആണ്. അയ്യായിരം ജനസംഖ്യക്ക് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്ന തോതിൽ 50450 ജനസംഖ്യയ്ക്ക് 10 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികകളാണ് ഉണ്ടാവേണ്ടത്. എന്നാൽ അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ തസ്തികയുമാണ് നിലവിലുള്ളത്. |

Milan

സെക്ഷൻ ഓഫീസർ